# സെൻറ് മേരീസ് എച്ച് എസ്എസ് ചമ്പക്കുളം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് വിദ്യാഭ്യാസ ജില്ലയിൽ മങ്കൊമ്പ് ഉപജില്ലയിൽ ചമ്പക്കുളം എന്ന സ്ഥലത്തുള്ള എയ്ഡഡ് വിദ്യാലയമാണ് സെൻറ് മേരിസ് എച്ച്എസ്എസ്

## ചരിത്രം

കുട്ടനാടിന്റ തിലകക്കുറിയായി ഗ്രാമീണ സൗന്ദര്യം വീണക്കമ്പികൾ മീട്ടുന്ന നാടാണ് ചമ്പക്കുളം........

ചരിത്രവും സംസ്കാരവും ഇഴപിരിഞ്ഞ്, കാർഷിക സംസ്ക്കാരത്തിന്റെ തനിമയും മഹിമയും വിളിച്ചോതുന്ന നാട്........

അവിടെ പമ്പാനദിയുടെ തലോടലേറ്റ് പരിശുദ്ധ അമ്മയുടെ നാമം പേറുന്ന പ്രസിദ്ധമായ കല്ലൂർക്കാട് ഫൊറോനാ ദേവാലയത്തിന്റെ പവിത്ര സാന്നിദ്ധ്യത്തിലും അനുഗ്രഹീതയാണ് ചമ്പക്കുളം സെന്റ്. മേരീസ് ഹയർ സെക്കൻഡറി വിദ്യാലയം...............

ചമ്പക്കുളത്തിനു മാർഗ്ഗദീപമായി ചങ്ങനാശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ ഒരു പ്രൈമറി വിദ്യാലയമായിട്ടാണ് 1905 - ൽ ഈ വിദ്യാലയം സ്ഥാപിതമായത്...................

നാടിന്റെ വളർച്ചയ്ക്കൊപ്പം 1950 - ൽ ഹൈസ്ക്കൂളായും 1998-ൽ ഹയർസെക്കന്ററിസ്ക്കൂളായും വളരുകയായിരുന്നു ഈ വിദ്യാലയം.

## ഭൗതികസൗകര്യങ്ങൾ

രണ്ടു കെട്ടിടങ്ങളിലായി 20 ക്ലാസ്സമുറികൾ വിദ്യാർത്ഥികളുടെ പഠനസൗകര്യാർത്ഥം ഇവിടെ സജ്ജമാണ്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നവിധത്തിലുള്ള മെച്ചപ്പെട്ട ലൈബ്രറി, ലാബ് (science, I.T) സൗകര്യങ്ങൾ, സ്മാർട്ട് ക്ലാസ്സ്മുറികൾ എന്നിവ

# സെൻറ് മേരീസ് എച്ച് എസ്എസ് ചമ്പക്കുളം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് വിദ്യാഭ്യാസ ജില്ലയിൽ മങ്കൊമ്പ് ഉപജില്ലയിൽ ചമ്പക്കുളം എന്ന സ്ഥലത്തുള്ള എയ്ഡഡ് വിദ്യാലയമാണ് സെൻറ് മേരിസ് എച്ച്എസ്എസ്

## ചരിത്രം

കുട്ടനാടിന്റ തിലകക്കുറിയായി ഗ്രാമീണ സൗന്ദര്യം വീണക്കമ്പികൾ മീട്ടുന്ന നാടാണ് ചമ്പക്കുളം........

ചരിത്രവും സംസ്കാരവും ഇഴപിരിഞ്ഞ്, കാർഷിക സംസ്ക്കാരത്തിന്റെ തനിമയും മഹിമയും വിളിച്ചോതുന്ന നാട്........

അവിടെ പമ്പാനദിയുടെ തലോടലേറ്റ് പരിശുദ്ധ അമ്മയുടെ നാമം പേറുന്ന പ്രസിദ്ധമായ കല്ലൂർക്കാട് ഫൊറോനാ ദേവാലയത്തിന്റെ പവിത്ര സാന്നിദ്ധ്യത്തിലും അനുഗ്രഹീതയാണ് ചമ്പക്കുളം സെന്റ്. മേരീസ് ഹയർ സെക്കൻഡറി വിദ്യാലയം...............

ചമ്പക്കുളത്തിനു മാർഗ്ഗദീപമായി ചങ്ങനാശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ ഒരു പ്രൈമറി വിദ്യാലയമായിട്ടാണ് 1905 - ൽ ഈ വിദ്യാലയം സ്ഥാപിതമായത്...................

നാടിന്റെ വളർച്ചയ്ക്കൊപ്പം 1950 - ൽ ഹൈസ്ക്കുളായും 1998-ൽ ഹയർസെക്കന്ററിസ്ക്കുളായും വളരുകയായിരുന്നു ഈ വിദ്യാലയം.

## ഭൗതികസൗകര്യങ്ങൾ

രണ്ടു കെട്ടിടങ്ങളിലായി 20 ക്ലാസ്സമുറികൾ വിദ്യാർത്ഥികളുടെ പഠനസൗകര്യാർത്ഥം ഇവിടെ സജ്ജമാണ്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നവിധത്തിലുള്ള മെച്ചപ്പെട്ട ലൈബ്രറി, ലാബ് (science, I.T) സൗകര്യങ്ങൾ, സ്മാർട്ട് ക്ലാസ്സ്മുറികൾ എന്നിവ

ഇവിടെ ലഭ്യമാണ്. വിശാലമായ കളിസ്ഥലങ്ങൾ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. P.T.A യുടെ അവസരോചിതമായ ഇടപെടലുകളും സ്ക്കൂൾ പ്രവർത്തനങ്ങളുടെ വിജയത്തിന് ചാലകശക്തിയായി വർത്തിക്കുന്നു.20 ക്ലാസ്സ് മുറികൾ ലാപ്പ്ടോപ്പ്,പ്രൊജക്ടർ, നെറ്റ്കണക്ഷനോടുകൂടിയ ഹൈടെക് ആയി മാറ്റി. ഈ സൗകര്യങ്ങളോടുകൂടിയ വിപുലമായ പഠനം നടക്കുന്നു.

- കമ്പ്യൂട്ടർ ലാബ്

യു.പി വിഭാഗത്തിനും ഹൈസ്ക്കൂളിനുമായി 15 കമ്പ്യൂട്ടറുകൾ ഉൾക്കൊള്ളുന്ന കമ്പ്യൂട്ടർ ലാബുണ്ട്. ലാബിൽ ബ്രോഡ്ബാന്റ് ഇന്ററർനെറ്റ് സൗകര്യം ഉണ്ട്.

# പാഠ്യേതര പ്രവർത്തനങ്ങൾ

## ബീംസ്

റീസെറ്റ്

സ്കൗട്ട് & ഗൈഡ്സ്

എൻ.സി.സി,

ബാന്റ് ട്രൂപ്പ്.

ക്ലാസ് മാഗസിൻ

വിദ്യാരംഗം കലാ സാഹിത്യ വേദി.

## ബീംസ്

കാലഘട്ടത്തിന്റെ ആവശ്യം പരിഗണിച്ച് 2009-10 അദ്ധ്യയന വർഷം മുതൽ സ്ക്കൂളിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണിത്. കുട്ടികളുടെ കഴിവുകളെ വളർത്തുന്നതിനും, ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നതിനും , സമൂഹത്തിന്റെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ അദ്ധ്യാപകരുടെ സഹകരണത്തോടെ പദ്ധതി മുന്നേറുന്നു.

റീസെറ്റ്

ആർ. ഇ. എസ്. ഇ. റ്റി. വിദ്യാർത്ഥികളിൽ മാനവിക മൂല്യങ്ങൾ പകർന്നു നൽകുക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നു മനസ്സിലാക്കി സ്കൂൾ ആവിഷ്ക്കരിച്ചിരിക്കുന്ന നൂതന പദ്ധതിയാണിത്. വിദ്യാർത്ഥികളുടെ ധാർമ്മികവും വൈകാരികവുമായ പരിശീലനം ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സാമൂഹിക സാംസ്ക്കാരിക രംഗത്തെ പ്രഗത്ഭരുടെ ക്ലാസുകൾ ഇതിനായി ക്രമീകരിച്ചിരിക്കുന്നു.

സ്കൗട്ട് & ഗൈഡ്സ്

1998 ൽ ചമ്പക്കുളം സെന്റ് മേരീസ് സ്കൂളിൽ ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ന്റെ ഒരു യൂണിറ്റ് പുനരാരംഭിച്ചു. കുട്ടനാട് വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ യൂണിറ്റിൽ 32 കുട്ടികൾ സജീവ അംഗങ്ങളായി പ്രവർത്തിക്കുന്നു. 2019 ൽ ചേർത്തല S N കോളേജിൽ നടന്ന കാമ്പൂരിയിൽ 5 കുട്ടികൾ പങ്കെടുത്തു. 2019 ൽ 8 കുട്ടികൾ രാജ്യപുരസ്കാർ നേടുകയും ചെയ്തു.ഗൈഡ്സ് യൂണിറ്റിനു ഗൈഡ് ക്യാപ്റ്റൻമാർ ആര്യമോൾ തോമസ് നിർമല വർഗീസ് നേതൃത്വം നൽകുന്നു.ഭാരത് സ്കൗട്ട്ആൻഡ് ഗൈഡ്സ് ന്റെ ഒരു സ്കൗട്ട് യൂണിറ്റ് 2019അധ്യയന വർഷം മുതൽ പ്രവർത്തിച്ചു വരുന്നു. 'BE PREPARED ' എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം. കുട്ടികളുടെ ദേശസ്നേഹം, അച്ചടക്കം, സഹജീവിസ്നേഹം , സഹോദരസ്നേഹം, മുതലായവ വളർത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 10വയസിനു മുകളിലോട്ടുള്ള കുട്ടികളെ ഇതിൽ ആംഗമാക്കുന്നു. യുണിഫോം നിർബന്ധം ആണ്. നമ്മുടെ സ്കൂളിൽ 12കുട്ടികൾ ഇതിൽ പ്രവർത്തിക്കുന്നു. സ്കൗട്ട് മാസ്റ്റർ ശ്രീ . ആൽബർട്ട് എം ജോൺ സ്കൗട്ട് യുണിറ്റിനു നേതൃത്വം നൽകുന്നു.

എൻ.സി.സി

1955 -ൽ 50 ആൺകുട്ടികൾ മാത്രം ഉണ്ടായിരുന്ന ഒരു യൂണിററ് . പിന്നീട് 100 കേഡറ്റ്സ് ഉള്ള ഒരു ട്രൂപ്പ് ആയി മാറി. 2005 ആയപ്പോഴേയ്ക്കും പെൺകുട്ടികൾക്ക് 30% സീറ്റുകൾ സംവരണം ചെയ്യപ്പെട്ടു.

സെൻ്റ്.മേരീസ് എച്ച്.എസ്.എസ്-ലെ 5 കേരള നേവൽ യുണിറ്റ് എൻ.സി.സി യുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ 18-6-2019-ൽ ചീഫ് ഇൻസ്ട്രക്ടറുടെ നേതൃത്വത്തിൽ നടന്ന എൻറോൾ മെൻ്റോടുകൂടി ആരംഭിച്ചു. 8,9 ക്ലാസുകളിൽ നിന്നായി ഒന്നാം

വർഷവും രണ്ടാം വർഷവും ചേർത്ത് ആകെ 100 കേഡറ്റുകളാണ് ഇവിടെ എൻറോൾ ചെയ്യപ്പെട്ടിട്ടുള്ളത്. രണ്ടാം വർഷ എൻ.സി.സി കേഡറ്റുകൾക്ക് എല്ലാ വർഷവും ക്യാംപുകൾ ഉണ്ട്. എ റ്റി.സി, എൻ.ഐ.സി ക്യാംപുകളിൽ പങ്കെടുത്ത് 'എ' സർട്ടിഫിക്കറ്റ് പാസ്സ് ആകുന്ന കേഡറ്റുകൾക്ക് യഥാക്രമം 5%, 10% മാർക്കും എസ്.എസ്.എൽ.സി-ക്ക് ലഭിക്കുന്നു. സ്കൂളിൽ നടക്കുന്ന ജനക്ഷേമകരമായ എല്ലാ പ്രവർത്തനങ്ങൾക്കും എൻ.സി.സി അതിൻ്റേതായ പങ്കുവഹിക്കുന്നു. എൻ.സി.സി- യുടെ പ്രവർത്തനങ്ങൾക്ക് ANO ലിബിൻ എബ്രഹാം നേതൃത്വം കൊടുക്കുന്നു . ഹെഡ്മാസ്റ്റർ ശ്രീ. പ്രകാശ് ജെ തോമസ് എല്ലാ പിൻതുണയും എൻ.സി.സി-ക്ക് തന്നുകൊണ്ടിരിക്കുന്നു:

ബാൻറ് ട്രൂപ്പ്

5,6,7,8,9 ക്ലാസ്സുകളിലെ തല്പരരായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ബാൻറ് ട്രൂപ്പ് വളരെ സജീവം ആയി പ്രവർത്തിക്കുന്നു ബഹുമാനപ്പെട്ട സിസ്റ്റർ പ്രിൻസിമോൾ എം വി നേതൃത്വം നൽകുന്ന ബാൻറ് ട്രൂപ്പ് സ്കൂളിൽ നടക്കുന്ന ആഘോഷങ്ങൾക്ക് ചാരുതയേകുന്നു.

ക്ലാസ് മാഗസിൻ.

വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുവാൻ സ്കൂൾ എന്നും മുന്നിലാണ്. അദ്ധ്യയന വർഷത്തിന്റെ മികവിന് അടിവരയിട്ടുകൊണ്ട് യു.പി, എച്ച്. എസ്. തലങ്ങളിലെ എല്ലാ ക്ലാസ്സുകളും കൈയെഴുത്തു മാസികകൾ ഒരുക്കിയിട്ടുണ്ട്. .യു.പി., എച്ച്.എസ്. വിഭാഗങ്ങളിലെ മികച്ച മാഗസിന് സമ്മാനങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

വിദ്യാരംഗം കലാ സാഹിത്യ വേദി

വിദ്യാരംഗം കലാ സാഹിത്യ വേദി കുട്ടികളുടെ കലാ സാഹിത്യ അഭിരുചിയെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തിച്ചു വരുന്നു. കലാസാഹിത്യ മേഖലകളിൽ തൽപരരായ കുട്ടികളെ അംഗങ്ങളാക്കി സ്കൂൾ വർഷാരംഭത്തിൽ

തന്നെ ക്ലബ്ബ് രൂപീകരിച്ചു പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ക്ലബ്ബ് അംഗങ്ങളിൽ നിന്ന് ഏഴു പേർ അടങ്ങുന്ന ഒരു നിർവാഹക സമിതി രൂപീകരിക്കുന്നു. ഇവരിൽനിന്ന് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി എന്നിവരെ തിരഞ്ഞെടുക്കുന്നു. കൺവീനർ മലയാളം വിഭാഗം അധ്യാപകരിൽ ഒരാൾ ആയിരിക്കും.

പിന്നീട് തന്നത് വർഷത്തെ പ്രവർത്തനക്രമം രൂപീകരിക്കുന്നു. ഓരോ മാസത്തിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ ഒരു ആസൂത്രണ രേഖ ചാർട്ട് പേപ്പറിൽ തയ്യാറാക്കി ഓരോ ക്ലാസ് റൂമിലും സ്റ്റാഫ് റൂമിലും പ്രദർശിപ്പിക്കുന്നു. സെമിനാറുകൾ, പ്രൊജക്റ്റുകൾ, ചിത്ര രചനാ മത്സരങ്ങൾ, നാടൻപാട്ട് മത്സരങ്ങൾ തുടങ്ങിയവയും ഓണാഘോഷത്തോടനുബന്ധിച്ച് വിവിധ കലാ-സാഹിത്യ മത്സരങ്ങളും പ്രസ്തുത സംഘടനയുടെ നേതൃത്വത്തിൽ നടത്തിവരുന്നു. അന്യംനിന്നുപോകുന്ന (മൺമറഞ്ഞു പോകുന്ന) കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആ കലാരൂപങ്ങളിൽ നിപുണരായ കലാകാരന്മാരെ കണ്ടെത്തി അവരുമായി സംവാദം, സെമിനാറുകൾ, ചർച്ച ക്ലാസ്സുകൾ, ശില്പശാല തുടങ്ങിയവ സംഘടിപ്പിക്കുന്നു. സാഹിത്യകാരൻമാരുടെ ഓർമ്മ ദിനങ്ങൾ (ജന്മദിനം, ചരമദിനം)എന്നിവ സമുചിതമായി കൊണ്ടാടുന്നു. നാടൻപാട്ട്, പ്രസംഗം, വഞ്ചിപ്പാട്ട്, ചിത്ര രചന എന്നീ ഇനങ്ങളിൽ പരിശീലനം നൽകാനുള്ള വേദികളും സ്കൂളിൽ ക്രമീകരിക്കാൻ ഉണ്ട്. എല്ലാ വെള്ളിയാഴ്ചയും അവസാനത്തെ പീരീഡ് സാഹിത്യ സമാജത്തിന് ആയി നീക്കിവയ്ക്കുന്നു.തദവസരത്തിൽ കുട്ടികൾ തങ്ങളുടെ കലാ-സാഹിത്യ അഭിരുചികൾ ക്ലാസ് റൂമുകളിൽ അവതരിപ്പിക്കുന്നു. സംഘടനയുടെ നേതൃത്വത്തിൽ സാഹിത്യകാരന്മാരുടെ ജന്മ നാടുകളും സ്മൃതി മണ്ഡപങ്ങളും പഠന യാത്രയുടെ ഭാഗമായി സന്ദർശിച്ച കുട്ടികൾ യാത്രാവിവരണ കുറിപ്പുകൾ തയ്യാറാക്കാറുണ്ട്. ഈ പ്രവർത്തനം മത്സരാടിസ്ഥാനത്തിൽ നടത്തുന്നു.ക്ലാസ് തല, സ്കൂൾതല കയ്യെഴുത്ത് മാസികകൾ സാഹിത്യവേദിയുടെ സംഭാവനയാണ്. കുട്ടികളുടെ സർഗാത്മക രചനകളുടെ പ്രോത്സാഹനവും പരിപോഷണവും ഈ ക്ലബ്ബിൻറെ മറ്റൊരു ലക്ഷ്യമാണ്ജില്ലാതല, സംസ്ഥാന തല സാഹിത്യ ഉത്സവങ്ങളിൽ നമ്മുടെ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുകയും അവർ സമ്മാനിതരാവുകയും ചെയ്യാറുണ്ട്. വിദ്യാരംഗം കലാസാഹിത്യവേദിയുടെ സ്കൂൾ തല പ്രവർത്തനങ്ങൾ കുട്ടികളുടെ വ്യക്തിത്വവികാസത്തിനും മാനസികഉല്ലാസത്തിനും കലാസാഹിത്യ മേഖലകളുടെ സമഗ്രമായ വികസനത്തിനും സഹായകമാണ്.

# ലിറ്റിൽകൈറ്റ്സ്

സംസ്ഥാന വിദ്യാലയങ്ങൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർഥികളുടെ സാങ്കേതിക പരിജ്ഞാനം ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി സാങ്കേതിക വൈദഗ്ധ്യമുള്ള ഒരുസംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിനായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് പദ്ധതി 2017-18 അധ്യയനവർഷം ചമ്പക്കുളം സെൻറ് മേരീസ് എച്ച്എസ് ൽ ആരംഭിച്ചു. എട്ടാം ക്ലാസ് വിദ്യാർഥികളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 23 വിദ്യാർഥികൾക്കാണ് പരിശീലനം നൽകിവരുന്നത് . എല്ലാ ബുധനാഴ്ചയും വൈകുന്നേരം നാലുമണി മുതൽ അഞ്ചു മണി വരെയാണ് പരിശീലനം. ആകെ 7 മൊഡ്യൂളുകളിലായി ഗ്രാഫിക് & ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ് & ഇൻറർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്പ്, പൈത്തൺ& ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, ഹാർഡ് വെയർ എന്നീ മേഖലകളിലാണ് പരിശീലനം നൽകിവരുന്നത്. 2017 മുതൽ കൈററ് മിസ്ട്രസ്മാരായി ശ്രീമതി. ജെസ്സമ്മ ജോസഫും ശ്രീമതി ട്രീസ ആൻറണിയും പ്രവർത്തനങ്ങൾക്ക് നൽകി 2021 മുതൽ കൈററ് മിസ്ട്രസ്മാരായി ശ്രീമതി. ജെസ്സി ട്രീസ ജോസഫും ശ്രീമതി ട്രീസ ആൻറണിയും പ്രവർത്തനങ്ങൾക്ക് നൽകുന്നു

## അനുഭവം

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതി. അക്കാദമിക നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ വിവിധ മേഖലകളിൽ ഇടപെടുക.

നമ്മുടെ വിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ ഈ ക്യാമ്പയിന്റെ ഭാഗമായി കേരളത്തിലുടനീളം നടപ്പിലാകുന്നു. അധ്യാപകരും വിദ്യാർത്ഥികളുമാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്

എല്ലാ വിഭാഗം കുട്ടികളെയും ഉൾപ്പെടുത്തി വ്യത്യസ്ത പഠനവും വിലയിരുത്തലും നടപ്പിലാക്കുന്നു. അറിവ്, വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രയോഗിക്കാനുള്ള കഴിവ് വളർത്തുന്നു. സ്കൂൾ മുതൽ സംസ്ഥാനതലം വരെ അക്കാദമിക മോണിറ്ററിംഗ് ശക്തമാകുന്നു.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പിന്തുണ നൽകുന്നു.

ഗ്രാമ/പഞ്ചായത്ത്/ജില്ലാ തലത്തിൽ പിന്തുണ ഉറപ്പാക്കുന്നു.

വിലയിരുത്തലിനായി ആക്ഷൻ പ്ലാനുകളും പ്രത്യേക പരിശീലനങ്ങളും നടപ്പിലാക്കുന്നു.

സ്കൂളുകളുടെ ഭൗതികവും അക്കാദമികവുമായ പുരോഗതിക്ക് ജനകീയ പങ്കാളിത്തം നിർണ്ണായകമാണ് [illegible]

വിദ്യാർത്ഥികൾ പരമാവധി സ്കൂളിലേക്ക് എത്തിക്കുന്നതിന് ഈ കൂട്ടായ്മകളുടെ സഹകരണം ആവശ്യമാണ്

വിദ്യാഭ്യാസ ശാക്തീകരണത്തിന് സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സഹകരണം അനിവാര്യമാണ്. പ്രാദേശിക ആവശ്യങ്ങൾ ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പിലെ വിദ്യാഭ്യാസസമിതികൾ പ്രധാന വേദിയായി പ്രവർത്തിക്കണം.

പൂർവവിദ്യാർത്ഥിസംഘടനകൾ, പൂർവ്വ അധ്യാപക കൂട്ടായ്മകൾ, രക്ഷാകർതൃസമിതികൾ തുടങ്ങിയ ജനകീയ കൂട്ടായ്മകളുടെ പങ്കാളിത്തം ഈ വിദ്യാഭ്യാസശാക്തീകരണത്തിന് ഉറപ്പുവരുത്തേണ്ടതാണ് .

# ഇതരപ്രവർത്തനങ്ങൾ

ചമ്പക്കുളം സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിൽ 2025-26 അധ്യയനവർഷം വിദ്യാർത്ഥികൾക്കുപകാരമാകുന്ന ഒട്ടനേകം പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും അധ്യാപക രക്ഷാകർതൃസമിതിയും മാനേജ്മെന്റും നാട്ടുകാരും ഒരുപോലെ പങ്കുചേരുന്ന വിവിധപരിപാടികൾ നടന്നുവരാനുള്ള പദ്ധതിയിട്ടുണ്ട്.

1) പ്രവേശനോത്സവം

2025-26 അധ്യയനവർഷത്തെ ഒന്നാമത്തെ പ്രവൃത്തിദിനമായ ജൂൺ 2-ാം തീയതി നവാഗതരായ കുട്ടികളെ സ്വീകരിക്കാനായി വളരെ വിപുലമായ രീതിയിൽ പ്രവേശനോത്സവ പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നു. പുതിയതായി സ്കൂളിലേക്ക് കടന്നുവരുന്ന കുട്ടികളെ ഹൃദ്യമായ സ്കൂൾ അന്തരീക്ഷത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

2) സ്വാതന്ത്ര്യദിനം

ആഗസ്റ്റ് 15-ാം തീയതി വ്യത്യസ്തമായ പരിപാടികളുമായി സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. വിമുക്തഭടന്മാരെ ആദരിക്കൽ, സ്വാതന്ത്ര്യദിനസന്ദേശറാലി, വിവിധ മത്സരങ്ങൾ തുടങ്ങിയവ ആസൂത്രണം ചെയ്തിരിക്കുന്നു.

3) ഓണം

കേരളത്തിന്റെ ദേശീയോത്സവമായ ഓണം അതിന്റെ

സാംസ്കാരിക തനിമ ചോരാതെ ആഘോഷിക്കുന്നു. മാവേലിയും അത്തപ്പൂക്കളം, ഓണപ്പാട്ട്, മലയാളിമങ്ക, മലയാളി മ... ഓണസദ്യ തുടങ്ങിയ വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

4) ക്രിസ്മസ്

ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവുമായെത്തുന്ന ക്രിസ്മസിന്റെ സന്തോഷം കുട്ടികളിലെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ പുൽക്കൂട് മത്സരം, ക്രിസ്മസ് പപ്പാ മത്സരം, ക്രിസ്മസ് സന്ദേശം തുടങ്ങിയവ ആസൂത്രണം ചെയ്തിരിക്കുന്നു.

5) സ്കൂൾ ദിനം

സ്കൂളിന്റെ പേരിനു കാരണക്കാരിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ PTA യുടെയും കൂടി സഹകരണത്തോടെ സ്കൂൾ ദിനമായി ആഘോഷിക്കുന്നു. കുട്ടികൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്തുകൊണ്ട് സന്തോഷം പങ്കിടുന്നു.

6) സ്കൂൾ വാർഷികവും യാത്രയയപ്പുസമ്മേളനവും

കുട്ടികളുടെ അധ്യയനത്തിനു തടസ്സം വരാത്ത രീതിയിൽ സ്കൂളിന്റെ വാർഷികാഘോഷവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും നടക്കുന്നു.

7) ടാലന്റ് ഡേ

അധ്യയനവർഷത്തിലെ ഒരു ദിവസം എല്ലാ ക്ലാസ്സിലെയും കുട്ടികൾക്ക് തങ്ങളുടെ കലാപരമായ കഴിവുകൾ ഒരുക്കുന്ന ക്ലാസ്സും

ക്ലാസ്സ് അടിസ്ഥാനത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികളുടെ തനതു പരിപാടികൾ അവതരിപ്പിക്കുന്നു.

8) ഗാന്ധിജയന്തി

എല്ലാ വർഷവും ഒക്ടോബർ 2-ാം തീയതി ഗാന്ധിദർശൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗാന്ധിയൻ ആദർശങ്ങളുമായി ബന്ധപ്പെട്ടുള്ള സെമിനാറുകൾ, ക്വിസ് മത്സരം, പരിസരശുചീകരണം, പ്രദർശനം, സ്കൂൾ പരിസരവും ശുചിയാക്കൽ തുടങ്ങിയവ നടത്തുവാൻ പരിശ്രമിക്കുന്നു.

9) റിപ്പബ്ലിക് ദിനം

ഇന്ത്യ സ്വതന്ത്ര പരമാധികാര റിപ്പബ്ലിക് ആയതിന്റെ വാർഷികം ആയ ജനുവരി 26 ഭരണഘടനാ മൂല്യങ്ങളെ കുറിച്ചും, ദേശീയോദ്ഗ്രഥനത്തെക്കുറിച്ചും ഉള്ള സെമിനാറുകൾ, സ്വാതന്ത്ര്യസമരസേനാനികളെ പരിചയപ്പെടുത്തൽ തുടങ്ങിയവ നടപ്പാക്കാൻ ആലോചിക്കുന്നു.

10) സ്കൂൾ കലോത്സവം

എല്ലാ കുട്ടികളെയും 4 ഗ്രൂപ്പുകളാക്കി തിരിച്ച് കുട്ടികളിൽ ആരോഗ്യകരമായ മത്സരബുദ്ധി വളർത്തുന്ന രീതിയിൽ കുട്ടികൾക്കായി കലോത്സവം സംഘടിപ്പിക്കുന്നു. കലാപരിപാടികളിൽ മികവു പുലർത്തുന്നവരെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുകയും ഉപജില്ലയിലേക്ക് പോകുവാനുള്ള അവസരം

## പഠനയാത്രകൾ

വിവിധസ്ഥലങ്ങളുടെ സാംസ്കാരിക പ്രത്യേകതകൾ മനസ്സിലാക്കുന്നതിലും പഠനാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമായും പഠനയാത്രകൾ നടത്താൻ ഉദ്ദേശിക്കുന്നു. എല്ലാ വിഭാഗത്തിലെയും (5 മുതൽ 10 വരെ ക്ലാസ്സിലെ) മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് പഠനയാത്ര നടത്തണമെന്നുള്ള ലക്ഷ്യത്തോടെയാണ് പഠനയാത്രകൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

## 15) പച്ചക്കറിത്തോട്ടം

വിഷരഹിതവിളകളോടുള്ള കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുക, ആരോഗ്യം ഉറപ്പുവരുത്തുക, പോഷകസമൃദ്ധമായ ഭക്ഷണം ശീലമാക്കുക ഇത്തരം ലക്ഷ്യങ്ങളോടെ വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പച്ചക്കറിത്തോട്ടം ആരംഭിക്കാനുള്ള പദ്ധതി നടന്നുവരുന്നു. കുട്ടികൾ തന്നെ വിവിധയിനം പച്ചക്കറിവിത്തുകൾ കൊണ്ടുവന്ന് അടുക്കളത്തോട്ടത്തിൽ നടാനുള്ള പ്രോത്സാഹനം നല്കുന്നു.

## 16) മെഡിക്കൽ ക്യാമ്പുകൾ

വെമ്പായം PHC യുടെ സഹകരണത്തോടെ കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാനുള്ള ആലോചനകൾ നടന്നുവരുന്നു. പോഷകാഹാരത്തെക്കുറിച്ചും മഴക്കാല രോഗങ്ങളെക്കുറിച്ചും ശീലങ്ങൾ ആവശ്യങ്ങളെക്കുറിച്ചും കുട്ടികൾക്ക് അറിവ് നൽകാൻ ഉദ്ദേശിക്കുന്നു.

## ഗവേഷണാത്മക പ്രവർത്തനങ്ങൾ

കുട്ടികളിൽ കണ്ടെത്തിപ്പഠിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ വിവിധ പ്രോജക്ടുകൾ അനുബന്ധമാക്കി പഠനം നടത്തുന്നു. Inspire award, Gifted child, തുടങ്ങിയവയ്ക്ക് കുട്ടികൾ എന്നിവരെ പങ്കെടുപ്പിക്കാനുദ്ദേശിക്കുന്നു.

18) അഭിമുഖങ്ങൾ

ഭാഷാ സാഹിത്യ സാംസ്കാരിക രംഗത്തെയും ശാസ്ത്രരംഗത്തെയും പ്രതിഭകളെ കൊണ്ടുവന്ന് കുട്ടികളുമായി സംവദിക്കാൻ അവസരം ഉണ്ടാക്കുന്ന വിധമുള്ള പദ്ധതി ആലോചിക്കുന്നു. വിവിധ രംഗങ്ങളിൽ വൈവിധ്യ മേഖലകളെയും പുതിയ അവസരങ്ങളെയും കുറിച്ച് അറിയാൻ ഈ ഒരു പദ്ധതി സഹായകരമാകും.

19) ഭക്ഷ്യമേള

പഠനാനുബന്ധ പ്രവർത്തനമായി കഴിഞ്ഞ വർഷം സ്കൂൾ തലത്തിൽ ഭക്ഷ്യമേള സംഘടിപ്പിച്ചിരുന്നു. അതിന്റെ തുടർച്ചയെന്നോണം പൊതുജനങ്ങളെയും PTA യും ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾതല ഭക്ഷ്യമേള സംഘടിപ്പിക്കാൻ ആലോചിക്കുന്നു. നാടൻ ഭക്ഷ്യവിഭവങ്ങളെക്കുറിച്ച് കുട്ടികൾ അറിയുക, അതിന്റെ ഗുണങ്ങൾ മനസ്സിലാക്കുക തുടങ്ങിയവ ഇതിലൂടെ ലക്ഷ്യമിടുന്നു.

20) നെൽകൃഷി

കാർഷിക സംസ്കാരത്തെക്കുറിച്ച് അറിയുക, കർഷകരെയും കൃഷിയെയും ബഹുമാനിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ വച്ച് നമ്മൾ ഈ വർ

കഴിഞ്ഞ വർഷം നിലം പാട്ടത്തിനെടുത്ത് കുട്ടികളുടെയും അധ്യാപകരുടെയും PTA യുടെയും മറ്റു നാട്ടുകാരുടെയും സഹകരണത്തോടെ കൃഷി ചെയ്തിരുന്നു. ഈ അധ്യയന വർഷവും അതിന്റെ തുടർച്ചയെന്നോണം കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നു. കുട്ടികളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തി കാർഷികരീതികളെയും അറിവും വളർത്താൻ ഈ പരിപാടി ഉപകരിക്കും എന്ന് കരുതുന്നു.

21) <u>അക്ഷരദീപ്തം വളർത്തൽ</u>

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 5 മുതൽ 9 വരെയുള്ള ക്ലാസുകളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളുടെ അക്ഷരങ്ങളും വാക്കുകളും പകർന്നു നൽകുന്ന പതിവ് കഴിഞ്ഞ അധ്യയനവർഷം ഉണ്ടായിരുന്നു. ഈ വർഷവും കുട്ടികൾക്കായി ഈ വിഷയത്തിനായി പ്രത്യേകം നോട്ടുബുക്കുകൾ ക്രമീകരിക്കുകയും പരിശീലനം തുടരുകയും ചെയ്യും.

22) <u>പ്രത്യേക പരിശീലനങ്ങൾ</u>

കുട്ടികളുടെ ശാരീരികവും മാനസികവും കായികവും ബൗദ്ധികവും കലാപരവുമായ കഴിവുകൾ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നീന്തൽ, വോളിബോൾ, യോഗ, നൃത്തം, ചെസ്സ്, അബാക്കസ് റുബിക്സ് ക്യൂബ്, കരാട്ടേ തുടങ്ങിയവയുടെ പരിശീലനം കഴിഞ്ഞ വർഷം നടന്നിരുന്നു. അത് ഈ വർഷവും തുടരാനും കൂടുതൽ കുട്ടികളെ ഉൾപ്പെടുത്താനും ആഗ്രഹിക്കുന്നു.

തിരുത്തുകയും ചെയ്യുന്നു.

11) കായികമേള - കായികപരിശീലനം

കുട്ടികളിൽ കായികശേഷികൾ വളർത്തുക, കായികമായി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടു കൂടി കായികമേള സംഘടിപ്പിക്കുന്നു. അതോടൊപ്പം തന്നെ സബ്ജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ പങ്കെടുപ്പിക്കുവാനും ശ്രമിക്കുന്നതാണ്.

12) പഠനോത്സവം

അധ്യയന വർഷത്തിന്റെ അവസാനമാസങ്ങളിൽ ഈ അധ്യയനവർഷം കുട്ടികൾ വിവിധ മേഖലകളിൽ നേടിയ പഠനനേട്ടങ്ങൾ പ്രദർശിപ്പിക്കുവാനുള്ള അവസരമായി പഠനോത്സവം സംഘടിപ്പിക്കുന്നു. എല്ലാ വിഷയങ്ങളിലും തങ്ങൾ നേടിയ പഠനാനുഭവങ്ങൾ ഓരോ കുട്ടിക്കും സമൂഹത്തിന്റെ മുമ്പിൽ തുറന്നു കാട്ടാനുള്ള അവസരമായി പഠനോത്സവം മാറുന്നു.

13. സ്കൂൾ മേളകൾ - ശാസ്ത്രഗണിതശാസ്ത്രസാമൂഹ്യശാസ്ത്രപ്രവൃത്തിപരിചയ - ഐടി മേളകൾ

അധ്യയനവർഷത്തിന്റെ ആദ്യമാസത്തോടുകൂടി സ്കൂൾ തലത്തിൽ മേളകൾ സംഘടിപ്പിക്കുന്നു. സബ്ജില്ലാ മേളകൾക്കു മുന്നോടിയായിട്ടാണ് സ്കൂൾ തല മേളകൾ സംഘടിപ്പിക്കുക. ശാസ്ത്രവിഷയങ്ങളിലും, കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിലും കുട്ടികൾക്കുള്ള പ്രാവീണ്യം തിരിച്ചറിയാനുള്ള ഒരു വേദിയായി ഈ മേളകൾ മാറുന്നു.

# യു.പി. അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പരീക്ഷണങ്ങളറി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണക്കിറ്റ് നിർമിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺമാസം | ശാസ്ത്ര അധ്യാപകർ |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്ര വിസ്മയച്ചുമർ<br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയച്ചുമർ ഓരോ ക്ലാസിലും നിർമിക്കുന്നു.<br>യുറേക്കാ<br>കുട്ടികളിൽ ശാസ്ത്രാ ബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി. | ആവശ്യാനുസരണം. | സയൻസ് ക്ലബ്ബ്, ശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | ബോധവൽക്കരണ ക്ലാസുകൾ<br>- കൗമാരവും ആരോഗ്യവും<br>- ഹൃദയാരോഗ്യം<br>- മായം ചേർക്കൽ | | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തുക. | ICT സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം എന്നിവയുടെ വീഡിയോ പ്രദർശനം നടത്തുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്ബ്. |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കുക | ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി School Science fair നടത്തുന്നു.<br>ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട project തയ്യാറാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം. | ശാസ്ത്ര അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| കുട്ടികളിൽ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നു. | വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നു. ഔഷധത്തോട്ടവും, പച്ചക്കറിത്തോട്ടവും നിർമിക്കുന്നു. | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് |

# Academic Master Plan.

മേഖല/വിഷയം: ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അതായത് സംസാരിക്കാനും അവസരം ഒരുക്കുന്നു | Lend Your Ear:- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Follow me If you Can:- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | ജൂൺ. | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Missing Man:- അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നിശ്ശം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം ഒറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളൊരുക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ഓഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner- തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man show - ആശയങ്ങൾ ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രാധാന്യം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മകവായന പരിശീലിപ്പിക്കുന്നു | I Too Can!! വ്യത്യസ്തതലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു തെരഞ്ഞെടുത്ത് വായിക്കാൻ അവസരം നൽകുന്നു<br>F.M. Corner- വ്യത്യസ്തമായ കഥകൾ Readers Theatre റേഡിയോ നാടകരൂപത്തിൽ അവതരിപ്പിക്കുവാനു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | Reader of the Month:- ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Monthനെ കണ്ടെത്തുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets:- കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിന്നി വിജ്ഞാനി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone:- സൂചനാ ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Run Baby Run :- ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp:- ഇംഗ്ലീഷ് പ്രാവീണ്യമുള്ള രക്ഷിതാക്കളുടെയും സമൂഹത്തിലെ മറ്റ് വ്യക്തികളുടെയും സഹായത്തോടെ ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ പി.ടി.എ. ഭാരവാഹികൾ രക്ഷിതാക്കൾ. | |

यु पी हिंदी अकादमिक मास्टर प्लान 2025-26

| लक्ष्य | गतिविधियाँ | महीना | |
|---|---|---|---|
| 1) वर्णमाला और स्वर चिन्हों का शिक्षण | • नये शब्द और कविता सुनायेंगे तथा उनमें आनेवाले हिंदी अक्षर पढ़ायेंगे।<br>• चित्र, वर्णमाला चार्ट, अक्षर और शब्द दिखाने वाली सीडी आदि | जून प्रथम सप्ताह से लगातार। | |
| 2) वाचन: बिना गलती से हिंदी पढ़ने का प्रयास | • छात्रों को अलग पाठ हेतु प्रेरित करना।<br>• छात्रों में हिंदी के प्रति रुचि पैदा करने के लिए ICT द्वारा कविता की प्रस्तुति | जून प्रथम सप्ताह से लगातार। | |

| | | |
|---|---|---|
| | • सरल, रसीली और आकर्षक किताबें वाचन करने का अवसर।<br>• वाचन कार्ड का वाचन।<br>• पाठ भाग का वैयक्तिक वाचन दल में वाचन और अध्यापक की प्रस्तुति। | |
| 3) <u>लेखन</u>:<br>• छात्रों की विचारशीलता और लेखन क्षमता को बढ़ावा देना। | • श्रुतलेख, पाठ आधारित प्रश्न - उत्तर | जून से लगातार। |
| • रचनात्मक अभिव्यक्ति का मंच प्रदान करना।<br>• आत्मविश्वास और प्रस्तुति कौशल विकसित करना साथ ही उच्चारण सुधारना | • पर्यावरण दिवस, स्वतंत्रता दिवस, हिंदी दिवस आदि पर आधारित रचनात्मक लेखन प्रतियोगिताएँ (पोस्टर निर्माण, कविता रचना, पत्र [illegible] आदि।) | • संबंधित दिवसों पर |

| | | |
|---|---|---|
| 4) हिंदी बोलने की क्षमता विकसित करना। | • कक्षा में हिंदी महौल पेड, लडका, लड़की, फूल जैसे पाठ आधारित शब्दों को चित्र के माध्यम से परिचय देने के बाद कक्षा में चित्रों का चार्ट बनाकर चित्र के नीचे नाम लिखना। | जून से लगातार |
| | • लिखित शब्द के बारे में छोटे-छोटे वाक्यों में विश्लेषण देना। | |
| | • अपना परिचय हिंदी में देना। | जून प्रथम सप्ताह |

| | | |
|---|---|---|
| 4) हिंदी बोलने की क्षमता विकसित करना। | • कक्षा में हिंदी महौल पेड, लडका, लड़की, फूल जैसे पाठ आधारित शब्दों को चित्र के माध्यम से परिचय देने के बाद कक्षा में चित्रों का चार्ट बनाकर चित्र के नीचे नाम लिखना। | जून से लगातार |
| | • लिखित शब्द के बारे में छोटे-छोटे वाक्यों में विश्लेषण देना। | |
| | • अपना परिचय हिंदी में देना। | जून प्रथम सप्ताह |

छात्रों की ध्यान आकर्षित कर आशय छात्रों को समझाना।

- गतिविधियों को सरल बनाकर देना।
- अपनी पसंद के अनुसार पढ़ाई प्रक्रियाओं में भाग लेने का अवसर।

- समग्रा के पाठ आधारित छोटी वीडियो द्वारा क्लास।

# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-'26

## മലയാളം - [UP]

ലക്ഷ്യങ്ങൾ :-

- → എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പ് വരുത്തുക.
- → ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ
- → എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും സ്വായത്തമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- → ഭാഷയുടെ അടിസ്ഥാനശേഷി വികാസനം - ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.
- → പഠിതാവിന്റെ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തി, കുട്ടിയെ മികച്ച വായനക്കാരനാക്കുക
- → കുട്ടിയെ മികച്ച എഴുത്തുകാരാക്കുക.
- → ഭാഷാപഠനവുമായി ബന്ധപ്പെട്ട - ദിനാചരണങ്ങൾ, വായനോത്സവം, കാവ്യകൂട്ടം, കവിയരങ്ങ് തുടങ്ങിയവ സംഘടിപ്പിക്കുക.
- → പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക
- → പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ.

## പ്രവർത്തനങ്ങൾ

→ ഓർമ്മകൾ :- വേനലവധിക്കാല ഓർമ്മകൾ

കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് തുടങ്ങിയ വ്യവഹാരങ്ങളിലൂടെ പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവരിക്കുന്നു.

→ അക്ഷരവൃക്ഷം

മലയാള ഭാഷ, പഠിതാക്കളിൽ വളർത്തുന്നതിനുവേണ്ടി പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുകയും ഓരോ കുട്ടിയ്ക്കും അവരുടെ അവസ്ഥയ്ക്ക് അനുസരിച്ച് വിവിധ മാർഗങ്ങളിലൂടെ മലയാള അക്ഷരങ്ങൾ പഠിപ്പിക്കുകയും, അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ നടത്തുന്നു. അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുത്തിയ കാർഡുകൾ, ചാർട്ടുകൾ തുടങ്ങിയവ ഉപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം, ചിത്രങ്ങൾ നോക്കി മനസിലാക്കി പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു.

→ വായനാലോകം - പുത്തൻ അറിവിലൂടെ

പഠിതാവിനെ വായനയുടെ ലോകത്തിലേയ്ക്ക് കൊണ്ടുവരുന്ന പദ്ധതി, സ്കൂൾ ലൈബ്രറി, പ്രാദേശിക ഗ്രന്ഥശാല എന്നിവയുടെ സഹായത്തോടെ ഓരോ കുട്ടികൾക്കും

പുസ്തകങ്ങൾ നൽകി അവരെ വായനയിലേയ്ക്ക് നയിക്കുന്നു.

- അമ്മ വായന → പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് രക്ഷിതാക്കളുടെ സഹായത്തോടെ വായന വളർത്തുന്നതിനുള്ള പദ്ധതി.

- കുട്ടികളുടെ വായനകൾ, അവരുടെ അഭിപ്രായങ്ങൾ, പുസ്തകവായനയിലൂടെ ലഭിച്ച അറിവുകൾ എന്നിവ ഓരോ കുട്ടിയും രക്ഷിതാക്കളുടെ സഹായത്തോടെ രേഖപ്പെടുത്തുകയും ഭാഷാധ്യാപിക വിലയിരുത്തുകയും ചെയ്യും.

- പത്രങ്ങൾ, മാസികകൾ, വിവിധങ്ങളായ ആഴ്ചപ്പതിപ്പുകൾ പഠിതാക്കൾ വായിക്കുകയും വിശകലനം നടത്തി ക്ലാസുകളിൽ അവതരിപ്പിക്കൽ

- ഓരോ ക്ലാസുകളും സ്കൂളിലെ പ്രധാന പരിപാടികളും മറ്റും ഉൾപ്പെടുത്തി ക്ലാസ് തല പത്രങ്ങൾ തയ്യാറാക്കൽ, ക്ലാസ് റൂമിന്റെ ബോർഡിൽ പ്രദർശിപ്പിക്കൽ.

- മാധ്യമങ്ങളുടെ വായനയിലൂടെ ലഭിക്കുന്ന അറിവുകൾ അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു.

→ <u>എന്റെ തൂലിക</u>

പഠിതാവിനെ എഴുത്തിന്റെ ലോകത്തിലേയ്ക്ക് നയിക്കുന്ന പദ്ധതി. തുടർവായനയിലൂടെ നേടിയ അറിവുകൾ, അഭിപ്രായങ്ങൾ കുട്ടികൾ സ്വയം അവരുടെ വാക്കുകളിൽ എഴുതുവാൻ പ്രാപ്തരാകുന്നു.

- എഴുത്തുകൂട്ട രൂപീകരണം.
- വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തൽ (കഥ, കവിത, ലേഖനം, നിരൂപണം, തിരക്കഥ തുടങ്ങിയവ)

• ആസ്വാദനക്കുറിപ്പ് വായനപുസ്തകം - ഓരോ കുട്ടിയും തനിക്ക് പ്രിയപ്പെട്ട ഒരു പുസ്തകത്തിന്റെ ആസ്വാദനം ഒരു ബുക്കിൽ ഓരോ ദിവസവും ഓരോരുത്തരും എഴുതുന്നു. കുട്ടികളെ തുടർന്ന് അദ്ധ്യാപകനും ആസ്വാദനകുറിപ്പ് എഴുതുന്നു.

• വ്യക്തിഗത രചന, സംഘരചന മത്സരങ്ങൾ നടത്തുന്നു. (കഥ, കവിത, ലേഖനം, നിരൂപണം), വിലയിരുത്തൽ നടത്തുന്നു.

• സ്കൂൾ മാഗസിൻ, ചുമർ പത്രിക പതിപ്പ്, കൈ പുസ്തകം എന്നിവ പ്രസിദ്ധീകരണത്തിന് എഴുതി തയ്യാറാക്കുന്നു.

→ <u>നമ്മിലുണ്ട് ഒരു കലാകാരൻ</u>

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചിത്രരചന, കാർട്ടൂൺ, ചൊൽക്കാഴ്ചകൾ, ശബ്ദരേഖ, ലഘുനാടകങ്ങൾ, ദൃശ്യാവിഷ്കരണം, തുടങ്ങിയവ സ്കൂൾ അസംബ്ലിയിലും, ബുള്ളറ്റിൻ ബോർഡിലും പ്രദർശിപ്പിക്കുക വഴി പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക.

→ <u>പ്രതിഭകളുടെ കൂടെ</u>

സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായി അഭിമുഖ സംഭാഷണവും, സംവാദങ്ങളും സംഘടിപ്പിക്കുന്നു.

→ <u>രചയിതാക്കളെ പരിചയപ്പെടൽ</u>

കൃതികൾ സംഭാവന, സവിശേഷതകൾ ഇവ പരിചയപ്പെടുത്തണം, രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ പരിചയപ്പെടുത്തൽ കുറിപ്പുകൾ, പവർപോയിന്റ് അവതരണം, തുടങ്ങിയവ രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കുന്നു.

→ <u>സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി</u>

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത്‌വചനങ്ങൾ, ജീവചരിത്രകുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കാൻ, ആർട്ട് ഗ്യാലറി സജ്ജീകരിക്കൽ

→ <u>പൊതുവേദിയിലെ പ്രകടനങ്ങൾ</u>

